# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 3315.** **29.01.2014-ലെ മറുപടിക്ക്**

### കാർഷിക വിപണികളുടെ പ്രവർത്തനത്തിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. കെ.പി. മോഹനൻ<br><br>കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പു മന്ത്രി. |
| (എ) സംസ്ഥാനത്ത് കാർഷിക വിപണികളുടെ പ്രവർത്തനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് കാർഷിക വിപണികളുടെ പ്രവർത്തനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ട്. |
| (ബി)എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) കാർഷിക മൊത്ത വ്യാപാര വിപണികളിൽ ഇടനിലക്കാരെ ഒഴിവാക്കി, കർഷകർ കൊണ്ടുവരുന്ന ഉൽപ്പന്നങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിലൂടെ കർഷകർക്ക് നല്ല വില ലഭ്യമാക്കുന്നു. വിളവെടുപ്പിനു ശേഷമുള്ള നഷ്ടം ഒഴിവാക്കുന്നതിനു വേണ്ടി ആനയറയിലും, മൂവാറ്റുപുഴയിലും ഉള്ള കാർഷിക മൊത്ത വ്യാപാര വിപണികളിൽ ശീതീകരണശാലാ സൗകര്യം ഒരുക്കിയിരിക്കുന്നു. വേങ്ങേരിയിലും, മരടിലും, സുൽത്താൻബത്തേരിയിലും ശീതീകരണശാലകൾ ഉടൻ പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (സി) പ്രസ്തുത പദ്ധതി ഏതെല്ലാം മേഖലകളിലെ വിപണികളിൽ നടപ്പിലാക്കി വരുന്നുണ്ട്; വിശദമാക്കുമോ; | (സി) സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ കീഴിൽ ആറ് മൊത്തവ്യാപാര വിപണികൾ താഴെ പറയുന്ന സ്ഥലങ്ങളിൽ പ്രവർത്തിച്ചുവരുന്നു.<br><br>തിരുവനന്തപുരം ജില്ല: ആനയറ, നെടുമങ്ങാട്<br>എറണാകുളം ജില്ല: മരട്, മൂവാറ്റുപുഴ<br>കോഴിക്കോട് ജില്ല: വേങ്ങേരി<br>വയനാട് ജില്ല: സുൽത്താൻ ബത്തേരി. |

കൃഷി വകുപ്പിന്റെ കീഴിലുള്ള പ്രസ്തുത വിപണികൾക്ക് പുറമേ 2011-12-ൽ ഈ വിപണികളുടെ മാതൃകയിൽ 5 ജില്ലകളിൽ കാർഷിക ഉല്പന്ന വിപണന കേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൊല്ലം (കാളിയൻ ചന്ത), ആലപ്പുഴ (കോടംതുരുത്ത്), കോട്ടയം (കറുപ്പന്തറ), ഇടുക്കി (തൊടുപുഴ), തൃശൂർ (പാവറട്ടി) എന്നീ ജില്ലകളിലാണ് പ്രസ്തുത കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നത്. കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്ന കേന്ദ്രങ്ങളായി പ്രസ്തുത വിപണികൾ മാറിയിട്ടുണ്ട്;

| | |
|---|---|
| **(ഡി)** പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;വിശദാംശങ്ങൾ ലഭ്യമാക്കാമോ? | **(ഡി)** കൃഷി വകുപ്പിന്റെ കീഴിലുള്ള മൊത്ത വ്യാപാര വിപണികളുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് ഓരോ വിപണിക്കും ജില്ലാ കളക്ടർ ചെയർമാനായ ഒരു മാർക്കറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി പ്രവർത്തിച്ചു വരുന്നു. ഈ കമ്മിറ്റയിൽ സ്ഥലം എം.എൽ.എ., മേയർ/ മുനിസിപ്പാലിറ്റി ചെയർമാൻ, മാർക്കറ്റിംഗ് ഡയറക്ടർ, ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ, മാർക്കറ്റിംഗ് സെക്രട്ടറി എന്നിവർ അംഗങ്ങളാണ്. ഈ കമ്മിറ്റിയാണ് മാർക്കറ്റിനെ സംബന്ധിക്കുന്ന കാര്യങ്ങൾ ചർച്ച ചെയ്ത് തിരുമാനങ്ങളെടുക്കുന്നത്. |

അണ്ടർ സെക്രട്ടറി.